**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ 1470 — 12-07-2011 ൽ മറുപടിയ്ക്ക്

## ഭവനനിർമ്മാണ ബോർഡിന് വായ്പാകുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
| എ) | ഭവനനിർമ്മാണ ബോർഡിന് വായ്പാകുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടേണ്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | എ) | ഭവനനിർമ്മാണ ബോർഡിന് റവന്യൂ റിക്കവറി ഇനത്തിൽ ഉദ്ദേശം 130 കോടി രൂപയും ലോൺ റിക്കവറി ഇനത്തിൽ ഉദ്ദേശം 57 കോടി രൂപയും ഉൾപ്പെടെ ആകെ 187 കോടി രൂപയോളം പിരിഞ്ഞുകിട്ടാനുണ്ട്. |
| ബി) | വായ്പാകുടിശ്ശിക പിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | ബി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഭവനനിർമ്മാണ ബോർഡ് വായ്പാ കുടിശ്ശിക പിരിച്ചെടുത്തുവരുന്നു. കൂടാതെ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി പ്രകാരവും കുടിശ്ശിക പിരിച്ചെടുക്കുന്നുണ്ട്. |
| സി) | വായ്പാ കുടിശ്ശിക തിരിച്ചടവിന് നൽകി വരുന്ന ഇളവുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | സി) | ദുർബല വിഭാഗത്തിൽപ്പെട്ടവർക്കും, താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട തിരിച്ചടവ് കാലാവധി കഴിഞ്ഞ വായ്പക്കാർക്കും മുടക്കപ്പലിശ, പിഴപ്പലിശ തുടങ്ങിയവ പൂർണ്ണമായി ഒഴിവാക്കുന്നു. നടപ്പു പദ്ധതികളിൽ താഴ്ന്ന , ഇടത്തരം വരുമാന വിഭാഗത്തിൽ പിഴപ്പലിശ പൂർണ്ണമായും, മുടക്കപ്പലിശയിൽ 70% ഉം ഇളവ് അനുവദിക്കുന്നു. ഉയർന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് മുടക്ക പലിശയിൽ 50% ഇളവും, പിഴപ്പലിശ പൂർണ്ണമായും ഇളവ് അനുവദിക്കുന്നു. വായ്പ അവസാനിപ്പിക്കുന്നവർക്ക് ശേഷിക്കുന്ന മുതൽ തുകയ്ക്ക് 5% ഇളവും 2.5% പിഴപ്പലിശ ഇളവും നൽകുന്നു. കൃത്യമായി തവണകൾ അടയ്ക്കുന്നവർക്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്ന പക്ഷം മുതൽ തുകയ്ക്ക് 5% ഇളവും പ്രതിമാസപലിശ നിരക്കിൽ 0.5% ഇളവും അനുവദിക്കുന്നുണ്ട്. |

(തുടർച്ച .. ... 2.)

| | | | |
|---|---|---|---|
| ഡി) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും താഴ്ന്ന വരുമാനക്കാർക്കും വായ്പ്പാ കുടിശ്ശിക തിരിച്ചടവിൽ കൂടുതൽ ഇളവുകൾ അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ ? | ഡി) | 1977 മുതൽ 1997 വരെ ഭവനനിർമ്മാണ ബോർഡിൽ നിന്ന് നേരിട്ടും ജില്ലാ കളക്ടർമാർ വഴിയും വായ്പ്പ എടുത്ത ദുർബല വരുമാന വിഭാഗക്കാരുടെ വായ്പ്പ എഴുതിത്തള്ളിയിട്ടുണ്ട്. കൂടാതെ ചില മാനദണ്ഡങ്ങൾക്ക് വിധേയമായി എൽ.ഐ.ജി/മൈത്രി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളിൽ മരിച്ചുപോയവരും, രോഗികളും, അശരണരും, മാരകരോഗം ബാധിച്ച വരും, വികാലാംഗരും ആയവർക്ക് കുടിശ്ശികയിൽ ആനുകൂല്യം നൽകുന്നുണ്ട്. |

Rahman. S

സെക്ഷൻ ഓഫീസർ